(ബി) 12 അപേക്ഷകർ ഉണ്ടായിരുന്നു. ഇവരുടെ ലിസ്റ്റ് അയച്ചു കൊടുത്തിട്ടുണ്ട്. നാഗാലാൻഡ് ഗവണ്മെൻറാണ് തിരഞ്ഞെടുക്കേണ്ടത്. തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരം ലഭിച്ചിട്ടില്ല.

(സി) കോ-ഓർഡിനേഷൻ ആഫീസർ അറിയിച്ചിട്ടില്ല. പക്ഷേ, ഇൻഡ്യാ ഗവണ്മെൻറ് സംസ്ഥാന ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് സർവ്വീസിലുള്ള അപേക്ഷകരുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്.

ശ്രീ. കെ. ഹസ്സൻ ഗനി: നാഗാലാൻഡിലേയ്ക്ക് പോകാൻ ഉദ്ദേശിക്കുന്നവരുടെ സർവ്വീസ് കണ്ടിഷൻസിനെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറും നാഗാലാൻഡ് ഗവണ്മെൻറുമായി ഏതെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അങ്ങനെ നടത്തേണ്ട ആവശ്യം വല്ലതുമുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ കത്തിടപാടുകൾ നടത്തേണ്ട ആവശ്യമൊന്നുംതന്നെയില്ല. സേവനവ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് അതു മോഡിഫൈ ചെയ്യുന്നതിനുള്ള നടപടികൾ ഗവണ്മെൻറ് സ്വീകരിച്ചിട്ടില്ല. അതിൻറെ ആവശ്യമുണ്ടെന്നും തോന്നുന്നില്ല.

ടൂറിസം വികസിപ്പിക്കുവാനുള്ള പദ്ധതികൾ.

* 124. [15] ശ്രീ. ഡി. ദാമോദരൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശനാണ്യം സമ്പാദിക്കുക്കുക ഒരു വ്യവസായമെന്ന നിലയിൽ ടൂറിസം വികസിപ്പിക്കുവാൻ ഗവണ്മെൻറിനു പ്രത്യേക പദ്ധതികൾ വല്ലതുമുണ്ടോ ;

(ബി) ടൂറിസ്റ്റ് വികസനകാർപ്പൊറേഷൻറെ രൂപീകരണത്തിനു വേണ്ടിയുള്ള പദ്ധതികൾക്ക് ഇതുവരേയും നടപടികൾ എടുക്കാത്തത് എന്തുകൊണ്ടാണ് ;

(സി) ഈ കാർപ്പൊറേഷൻ ഈ വർഷത്തിലെങ്കിലും രൂപീകരിക്കുവാൻ വേണ്ട സത്വരനടപടികൾ കൈക്കൊള്ളുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) വിദേശനാണ്യം സമ്പാദിക്കുവാൻ സാദ്ധ്യതകളുള്ള ഒരു വ്യവസായമായിട്ടുകൂടിയാണ് ടൂറിസ്റ്റ് വികസനപരിപാടികൾ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി, സി) അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിനെത്തുടർന്ന് ഈ കാര്യം നീട്ടിവെച്ചിരിക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ അതു ഗവണ്മെൻറ് പുനഃപരിശോധനയ്ക്കെടുത്തിട്ടുണ്ട്.

Mr. Speaker ; Question No. 30 may also be answered now along with this question.

ടൂറിസ്റ്റ് വികസന കാർപ്പൊറേഷൻ.

* 125. [30] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യത്തിനു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ ടൂറിസം വികസിപ്പിക്കുന്നതിനും സംഘടിപ്പിക്കുന്നതിനുമായി ഒരു ടൂറിസ്റ്റ് വികസന കാർപ്പൊറേഷൻ സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

കേരളത്തിൽ ടൂറിസം വികസിപ്പിക്കുന്നതിനും, സംഘടിപ്പിക്കുന്നതിനുമായി ഒരു ടൂറിസ്റ്റു് വികസന കാർപ്പൊറേഷൻ സ്ഥാപിക്കുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. ഡി. ദാമോദരൻ പോറ്റി : ടൂറിസ്റ്റു് വികസന കാപ്പൊറേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി തുക അനുവദിച്ചിട്ടു് മൂന്നു വർഷത്തോളമായി. എന്നാൽ അതു് ഇവിടെ ഇതുവരേയും ആരംഭിച്ചിട്ടില്ല. കേന്ദ്രത്തിൽനിന്നും ഒരു ടൂറിസ്റ്റു് വികസന കാർപ്പൊറേഷൻ ഉടനടി രൂപീകരിക്കാൻ വേണ്ട നടപടികളും ആരംഭിച്ചിട്ടുണ്ടെന്നു് കേന്ദ്രവകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ടു്. ഇതിന്റെ അർത്ഥം കേന്ദ്രത്തിൽ ഇതു സംബന്ധിച്ചു് അടിയന്തിരാവസ്ഥയില്ലെന്നും ഇവിടെ ഉണ്ടെന്നുമാണോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഈ ചോദ്യത്തിന്റെ അവസാന ഭാഗത്തിനു് ഉത്തരം പറഞ്ഞിരിക്കുന്നതു് നോക്കിയാൽ മനസിലാകും. അതിൽ പറഞ്ഞിരിക്കുന്നതു് പുനഃപരിശോധനയ്ക്കെടുത്തിരിക്കുന്നുവെന്നാണു്.

ഫാറസ്റ്റു് ഡിപ്പാർട്ടുമെൻറിലെ വാച്ചറന്മാർ.

*126. [16] ശ്രീ. എം. രവീന്ദ്രനാഥു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാറസ്റ്റു് ഡിപ്പാർട്ടുമെൻറിൽ അഞ്ചും അതിൽ കൂടുതലും വർഷം സർവ്വീസുള്ളവരും എസ്സ്. എസ്സ്. എൽ. സി. പാസ്സായവരുമായ വാച്ചറന്മാർ എത്ര ;

(ബി) ഇപ്പോഴത്തെ ഡിപ്പാർട്ടുമെൻറിലുള്ള വാച്ചറന്മാരിൽ യോഗ്യതയുള്ളവരെ ഗാർഡായി പ്രമോഷൻ കൊടുത്തതിനു ശേഷംമാത്രം പബ്ലിക്കു് സർവ്വീസ് കമ്മിഷൻ മുഖാന്തിരം നിയമനം നടത്താൻ നടപടിയെടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഒന്നും.

(ബി) നിലവിലുള്ള ചട്ടങ്ങളനുസരിച്ചു് സെക്കൻഡു് ഗ്രേഡു് ഗാർഡുമാരുടെ ഒഴിവുകളിൽ പതിനഞ്ചു ശതമാനം ഡിപ്പാർട്ടുമെൻറിലുള്ള വാച്ചറന്മാർ ലാസ്കറന്മാർ, മേസ്തിരിമാർ എന്നിവർക്കായി നീക്കിവെച്ചിരിക്കുകയാണു്. ആ ഒഴിവുകളിലും പബ്ലിക്കു് സർവ്വീസ് കമ്മിഷൻ മുഖാന്തിരമാണു് നിയമനം നടത്തുന്നതു്. ഈ ചട്ടങ്ങളും വാച്ചറന്മാർ തുടങ്ങിയവർക്കു് ഗുണകരമായതുകൊണ്ടു് ഇവ ഭേദഗതി ചെയ്യണമെന്നു് വിചാരിക്കുന്നില്ല.

ശ്രീ. കെ കൃഷ്ണപിള്ള : ഫാറസ്റ്റിൽ ഉള്ള ഗാർഡന്മാരെ പിരിച്ചുവിട്ടിട്ടു് ആ സ്ഥാനത്തേക്കു് പി. എസ്സ്. സി. യിൽ നിന്നും നിയമനം നടത്തുന്നതിനുള്ള അപേക്ഷകരും ക്ഷണിച്ചിട്ടുണ്ടു്. ഇപ്പോഴത്തെ സർവ്വീസിലിരിക്കുന്ന വാച്ചറന്മാർക്കുകൂടി അതിലേയ്ക്കു് അപേക്ഷ കൊടുക്കുന്നതിനാവശ്യമായ നടപടികളും ഗവണ്മെൻറിൽനിന്നും എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവരെ ഗവണ്മെൻറിൽനിന്നും പിരിച്ചുവിടുന്നതല്ല, സ്വാഭാവികമായിട്ടു് അവർക്കു് പിരിഞ്ഞുപോകേണ്ടിവരും. കാരണം അവരെയെല്ലാം ടെമ്പററിയായിട്ടു നിയമിച്ചിട്ടുള്ളതാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇത്രയും കൊല്ലം അവർ സർവ്വീസിലിരുന്നതിനെ പരിഗണിച്ചു് അവർക്കു് വയഃക്ലിപ്തിയിൽനിന്നും എക്സംപ്ഷൻ കൊടുക്കുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു ചെയ്യുന്നതിനും പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly